എ.വൈ.ആർ


സൂറ-16

# അന്നഹ്ൽ

فَإِذَا قَرَأْتَ ٱلْقُرْءَانَ فَٱسْتَعِذْ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ ﴿٩٨﴾

**98.** ഖുർആൻ പാരായണം ചെയ്യുമ്പോൾ അഭിശപ്തനായ ചെകുത്താനിൽനിന്ന് അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക.

إِنَّهُۥ لَيْسَ لَهُۥ سُلْطَٰنٌ عَلَى ٱلَّذِينَ ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٩٩﴾

**99.** സത്യവിശ്വാസം കൈക്കൊള്ളുകയും തങ്ങളുടെ വിധാതാവിങ്കൽ ഭരമേൽപിക്കുകയും ചെയ്യുന്ന ആളുകളെ ചെകുത്താന്ന് സ്വാധീനിക്കാനാവില്ല.

إِنَّمَا سُلْطَٰنُهُۥ عَلَى ٱلَّذِينَ يَتَوَلَّوْنَهُۥ وَٱلَّذِينَ هُم بِهِۦ مُشْرِكُونَ ﴿١٠٠﴾

**100.** അവനെ രക്ഷകനായി വരിക്കുകയും അവന്റെ പ്രേരണയാൽ അല്ലാഹുവിന്ന് പങ്കാളികളെ കൽപിക്കുകയും ചെയ്യുന്നവരെ മാത്രമേ ചെകുത്താന്ന് സ്വാധീനിക്കാനാവൂ.

وَإِذَا بَدَّلْنَآ ءَايَةً مَّكَانَ ءَايَةٍ ۙ وَٱللَّهُ أَعْلَمُ بِمَا يُنَزِّلُ قَالُوٓا۟ إِنَّمَآ أَنتَ مُفْتَرٍۭ ۚ بَلْ
أَكْثَرُهُمْ لَا يَعْلَمُونَ ﴿١٠١﴾

**101.** ഒരു സൂക്തത്തിന്റെ സ്ഥാനത്ത് മറ്റൊരു സൂക്തം അവതരിപ്പിക്കുമ്പോൾ– താൻ അവതരിപ്പിക്കുന്നതെന്തെന്ന് അല്ലാഹുവിന്ന് നന്നായറിയാം– അവിശ്വാസികൾ പറയുന്നു; ഈ ഖുർആൻ നീ സ്വയം കെട്ടിച്ചമക്കുക തന്നെയാണെന്ന്. എന്നാൽ അവരിലധികമാളുകളും യാഥാർഥ്യമറിയുന്നില്ല.

قُلْ نَزَّلَهُۥ رُوحُ ٱلْقُدُسِ مِن رَّبِّكَ بِٱلْحَقِّ لِيُثَبِّتَ
ٱلَّذِينَ ءَامَنُوا۟ وَهُدًى وَبُشْرَىٰ لِلْمُسْلِمِينَ ﴿١٠٢﴾

**102.** പ്രവാചകൻ അവരോടു പറയുക: എന്റെ നാഥങ്കൽ നിന്ന് പരിശുദ്ധാത്മാവ് ഘട്ടം ഘട്ടമായി സത്യസമേതം ഇറക്കിത്തന്നിട്ടുള്ളതാണിത്; സത്യവിശ്വാസികളുടെ വിശ്വാസം ദൃഢീകരിക്കാനും ജീവിതം അല്ലാഹുവിന്നു സമർപ്പിച്ചവരെ(മുസ്‌ലിംകളെ) മാർഗദർശനം ചെയ്യാനും സുവിശേഷമറിയിക്കാനും.

فَإِذَا قَرَأْتَ ٱلْقُرْءَانَ= നീ ഖുർആൻ പാരായണം ചെയ്താൽ(ചെയ്യുമ്പോൾ) فَٱسْتَعِذْ= നീ ശരണം തേടിക്കൊള്ളുക

بِٱللَّهِ= അല്ലാഹുവിൽ مِنَ ٱلشَّيْطَٰنِ= ചെകുത്താനിൽനിന്ന് ٱلرَّجِيمِ= ആട്ടിയോടിക്കപ്പെട്ടവ(അഭിശപ്ത)നായ

إِنَّهُۥ= കാര്യമെന്തെന്നാൽ لَيْسَ لَهُۥ= അവന്നു(കഴിയുക) ഇല്ല سُلْطَٰنٌ= സ്വാധീനം(നിക്കാൻ)

عَلَى ٱلَّذِينَ ءَامَنُوا۟= വിശ്വസിച്ചവരുടെ മേൽ(സത്യവിശ്വാസം കൈക്കൊള്ളുകയും) وَعَلَىٰ رَبِّهِمْ= തങ്ങളുടെ വിധാതാവിന്മേ(വിങ്ക)ൽ

يَتَوَكَّلُونَ= അവർ ഭരമേൽപിക്കുകയും ചെയ്യുന്ന (ആളുകളെ)

إِنَّمَا سُلْطَٰنُهُۥ= അവന്റെ സ്വാധീനം(വന് സ്വാധീനിക്കാനാവൂ) عَلَى ٱلَّذِينَ يَتَوَلَّوْنَهُۥ= അവനെ രക്ഷകനായി വരി(ക്കുകയും)ച്ചവരുടെ മേൽ

وَٱلَّذِينَ هُم بِهِۦ مُشۡرِكُونَ= അവനെക്കൊണ്ട്(വന്റെ പ്രേരണയാൽ അല്ലാഹുവിന്ന്) പങ്കാളികളെ കൽപിച്ചവരുടെ മേലും
മാത്രമാകുന്നു(പങ്കാളികളെ കൽപിക്കുകയും ചെയ്യുന്നവരെ മാത്രമേ)
وَإِذَا بَدَّلۡنَآ ءَايَةً= നാം(മറ്റ്) ഒരു സൂക്തം പകരമാക്കിയാൽ(അവതരിപ്പിക്കുമ്പോൾ) مَّكَانَ ءَايَةٍ= ഒരു സൂക്തത്തിന്റെ സ്ഥാനത്ത്
وَٱللَّهُ أَعۡلَمُ= അല്ലാഹുവിന്ന് നന്നായറിയാം بِمَا يُنَزِّلُ= താൻ അവതരിപ്പിക്കുന്നത്(എന്തെന്ന്)
قَالُوٓاْ= അവർ(അവിശ്വാസികൾ) പറഞ്ഞു(യുന്നു)
إِنَّمَآ أَنتَ مُفۡتَرِۭ= നീ കെട്ടിച്ചമക്കുന്നവൻ മാത്രമാകുന്നു (ഈ ഖുർആൻ നീ സ്വയം കെട്ടിച്ചമക്കുക തന്നെയാണെന്ന്)
بَلۡ= പക്ഷേ(കാര്യം അതല്ല) أَكۡثَرُهُمۡ= അവരിലധികപേരും لَا يَعۡلَمُونَ= യാഥാർഥ്യം അറിയുന്നില്ല قُلۡ= (പ്രവാചകാ) നീ പറയുക
نَزَّلَهُۥ= അത് ഘട്ടം ഘട്ടമായി ഇറക്കി(ത്തന്നിട്ടുള്ളതാണ്) رُوحُ ٱلۡقُدُسِ= പരിശുദ്ധാത്മാവ് مِن رَّبِّكَ= നിന്റെ നാഥങ്കൽനിന്ന്
بِٱلۡحَقِّ= സത്യംകൊണ്ട്(സമേതം) لِيُثَبِّتَ= സ്ഥിരപ്പെടുത്താൻ, ദൃഢീകരിക്കാൻ
ٱلَّذِينَ ءَامَنُواْ= സത്യവിശ്വാസികളായവരെ(വരുടെ വിശ്വാസം) وَهُدًى= മാർഗദർശ(നം ചെയ്യാനും)കമായും
وَبُشۡرَىٰ= സുവിശേഷ(മറിയിക്കാനും)മായും لِلۡمُسۡلِمِينَ= മുസ്‌ലിംകളെ(ജീവിതം അല്ലാഹുവിന്ന് സമർപ്പിച്ചവരെ)

**98.** മുസ്‌ലിംകളിലും ഇസ്‌ലാമിനോടനുഭാവമുള്ളവരിലും തെറ്റുധാരണകൾ പരത്തി ഖുർആനെക്കുറിച്ച് ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ച് അവരെ സത്യവിശ്വാസത്തിൽനിന്നകറ്റുന്നതിനുവേണ്ടി മക്കയിലെ അവിശ്വാസികളും മദീനയിലെ യഹൂദരും പലവക വിമർശനങ്ങളുന്നയിച്ചിരുന്നതാണ് ഈ സൂക്തത്തിന്റെ പശ്ചാത്തലം. വരുന്ന 101,102 സൂക്തങ്ങളിൽ ആ വിമർശനങ്ങൾക്ക് മറുപടി പറയുന്നുണ്ട്. അതിന്റെ ഒരാമുഖമാണീ സൂക്തം. ഖുർആൻ വായിച്ചു മനസ്സിലാക്കാനോ മറ്റുള്ളവരെ വായിച്ചു കേൾപ്പിക്കാനോ തുടങ്ങുമ്പോൾ ആദ്യം ചെകുത്താന്റെ ഇടപെടലുകളിൽനിന്നും ദുസ്വാധീനങ്ങളിൽനിന്നും അല്ലാഹുവിൽ അഭയം തേടണം എന്നാണിതിൽ പറയുന്നത്. اعوذ بالله من الشيطان الرجيم അഭിശപ്തനായ ചെകുത്താനിൽനിന്ന് അല്ലാഹുവേ ശരണം– എന്ന് ഉരുവിടുകയാണ് ശരണാർഥന– استعاذة. ഖുർആൻ പാരായണം ചെയ്യുമ്പോൾ ശരണാർഥനയുടെ പ്രസക്തിയും പ്രാധാന്യവും *ഖുർആൻ ബോധനം* സൂറ അൽ ഫാതിഹയുടെ പ്രാരംഭത്തിൽ വിവരിച്ചിട്ടുണ്ട്. ഖുർആൻ ഓതാൻ തുടങ്ങുമ്പോൾ ശരണാർഥന നിർബന്ധമാണോ ഐഛികമാണോ എന്ന കാര്യത്തിൽ ഫുഖഹാക്കൾക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. ഭൂരിപക്ഷം പണ്ഡിതന്മാരുടെ നിലപാട് ശരണാർഥന നിർബന്ധ ബാധ്യതയല്ല; ഐഛിക സൽകർമമാകുന്നു എന്നാണ്. ഈ അഭിപ്രായം ഇജ്മാഅ്(കർമശാസ്ത്രകാരന്മാരുടെ ഏകകണ്ഠമായ തീരുമാനം) ആണെന്നത്രെ ഇമാം ഇബ്നു ജരീറും മറ്റും പറഞ്ഞിട്ടുള്ളത്. നമസ്കാരത്തിലായാലും അല്ലെങ്കിലും ഖുർആൻ ഓതാൻ തുടങ്ങുമ്പോൾ ശരണാർഥന ചൊല്ലേണ്ടത് നിർബന്ധ ബാധ്യതയാകുന്നു എന്നാണ് ഇമാം ഥൗരിയുടെയും അത്വാഇന്റെയും നിലപാട്. ഖുർആനിൽ വന്നിട്ടുള്ളത് നിങ്ങൾ ശരണാർഥന ചൊല്ലണം فاستعذ എന്ന ശാസനാവചനമാണ്. ശാസനാ വാക്യം നിർബന്ധ ബാധ്യതയെക്കുറിക്കുന്നു എന്നാണവരുടെ ന്യായം. എല്ലാ ശാസനാ വാക്യങ്ങളും നിർബന്ധത്തെ കുറിച്ചുകൊള്ളണമെന്നില്ല. കേവലം ശിപാർശയും ഉപദേശവും ചിലപ്പോൾ ശാസനാരൂപത്തിൽ അവതരിപ്പിക്കാം. അക്കൂട്ടത്തിലൊന്നാണ് فاستعذ എന്നാണ് ഭൂരിപക്ഷത്തിന്റെ മറുപടി. ഇത് നിർബന്ധത്തെക്കുറിക്കുന്നതായിരുന്നുവെങ്കിൽ നബി(സ) ഒരിക്കലും അതിൽനിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുമായിരുന്നില്ല. എന്നാൽ നബി(സ) പലപ്പോഴും ശരണാർഥന ഉരുവിടാതെ ഖുർആൻ പാരായണം ചെയ്യുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹനഫികളുടെ വീക്ഷണത്തിൽ നമസ്കാരത്തിന്റെ ആദ്യ റക്അത്തുകളിലെ ഖിറാഅത്തിലേ استعاذة വേണ്ടൂ. തുടർന്നുള്ള റക്അത്തുകളിലെ ഖിറാഅത്തിൽ വേണ്ടതില്ല. ശാഫി മദ്ഹബ് പ്രകാരം ഓരോ റക്അത്തിലെ ഖിറാഅത്തിലും استعاذة വേണം. കാരണം ശരണാർഥന ഖിറാഅത്തുമായി ബന്ധിപ്പിച്ചുള്ളതാണ്. ഓരോ റക്അത്തിലും ഓരോ ഖിറാഅത്താണുള്ളത്. അവ ഓരോന്നും ശരണാർഥന കൊണ്ട് തുടങ്ങേണം.

ഖുർആന്റെ യഥാർഥ ശത്രു ചെകുത്താനാകുന്നു എന്നതുകൊണ്ടാണ് ഖുർആൻ പാരായണം ചെയ്യുമ്പോൾ ചെകുത്താനിൽ നിന്നു ശരണം തേടണം എന്നനുശാസിച്ചത്. ഖുർആൻ പാരായണം ചെയ്യുകയോ കേൾക്കുകയോ ചെയ്യുമ്പോഴൊക്കെ അതിനെതിരെ പഠിതാവിന്റെ മനസ്സിൽ സന്ദേഹങ്ങളുയർത്താൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കും. മനുഷ്യരിൽ അവന്റെ മിത്രങ്ങളായവരെ ഈ സംരംഭത്തിൽ പങ്കാളികളാക്കുകയും ചെയ്യും. ചെകുത്താന്റെ ദ്രോഹങ്ങളിൽനിന്നും ദുർബോധനങ്ങളിൽനിന്നും മനുഷ്യനെ സംരക്ഷിക്കുന്ന മന്ത്രമാണ് استعاذة. അതിന്റെ ഫലപ്രാപ്തി അതു ചൊല്ലുന്നവരുടെ മാനസികാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. വെറുതെ ശരണാർഥന ഉരുവിടുക മാത്രം ചെയ്യുന്നതിന് വിശേഷിച്ച് ഫലമൊന്നുമില്ല. പക്ഷേ, ഹൃദയത്തിന്റെ ആഴത്തിൽനിന്നുയരുന്ന ബോധപൂർവമായ പ്രാർഥനയായിട്ടാണതുരുവിടുന്നതെങ്കിൽ, ചെകുത്താനോടും അവന്റെ വൈതാളികരോടുമുള്ള സമരത്തിൽ അതു വമ്പിച്ച ശക്തിയായി പ്രയോജനപ്പെടുന്നു. മനുഷ്യന്ന് ഈ ലോകത്ത് അല്ലാഹു നിശ്ചയിച്ച പരീക്ഷണത്തിന്റെ താൽപര്യങ്ങളിൽ പെട്ടതാണീ സമരം. അതിനാൽ ഒരവസ്ഥയിലും അതിൽ നിന്നൊഴിഞ്ഞു മാറാനാവില്ല. അതുവഴി മനുഷ്യന്റെ സർഗശക്തികൾ കൂടുതൽ ഉണരുകയും വളരുകയും ചെയ്യുന്നു. ശരണാർഥന അല്ലാഹുവിങ്കൽ സ്വീകാര്യമായാൽ ചെകുത്താനെയും അവന്റെ ഏജന്റുമാരെയും നിഷ്പ്രയാസം പരാജയപ്പെടുത്താൻ കഴിയും.

**99,100.** ചെകുത്താൻ മനുഷ്യന്റെ മുമ്പിൽ അജയ്യമായ ശക്തിയൊന്നുമല്ല എന്നാണ് ഈ സൂക്തങ്ങൾ പറയുന്നത്. സത്യവിശ്വാസത്തിൽനിന്നും അല്ലാഹുവിന്നുള്ള സമർപ്പണ

ത്തില്‍നിന്നും മുക്തമായ, ചെകുത്താനെ രക്ഷകനായി വരിക്കുകയും അവന്റെ പ്രേരണയാല്‍ കൃത്രിമ ദൈവങ്ങളെ മനസ്സില്‍ കുടിയിരുത്തുകയും സാക്ഷാല്‍ ദൈവത്തെ വെടിഞ്ഞ് അവരില്‍ ആശയര്‍പ്പിക്കുകയും ചെയ്തവരെ മാത്രമേ ചെകുത്താന്ന് സ്വാധീനിക്കാനാവൂ. سُلْطَٰنٌ എന്ന മൂലപദത്തിന് അധികാരം, സ്വാധീനം, ശക്തി എന്നൊക്കെയാണ് അര്‍ഥം. സ്വന്തം മാര്‍ഗത്തിലേക്ക് ആരെയും ബലാല്‍ക്കാരം നയിക്കാന്‍ ചെകുത്താന് കഴിയില്ല. ചെകുത്താന്റെ ദ്രോഹത്തില്‍നിന്ന് രക്ഷപ്പെടാനാഗ്രഹിക്കുന്നവര്‍ അതിനു സ്വീകരിക്കേണ്ട മാര്‍ഗം അല്ലാഹുവില്‍ അടിയുറച്ചു വിശ്വസിക്കുകയും ഏതു കഠിനാല്‍ കഠിനതരമായ സാഹചര്യത്തിലും അവനില്‍ പ്രതീക്ഷയര്‍പ്പിക്കുകയും സര്‍വവും അവനില്‍ സമര്‍പ്പിക്കുകയും ചെയ്യുകയാണ്. അന്തരാളത്തില്‍ ബഹുദൈവ വിശ്വാസത്തിന്റെ മാലിന്യം പുരളുകയും അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും അനുഭാവം പുലര്‍ത്തുകയും ചെയ്യുന്നവരെ ചെകുത്താന്‍ അനായാസം കീഴടക്കുന്നു.

**101.** ഇസ്‌ലാമിനെതിരെ അവിശ്വാസികളുന്നയിച്ച വിമര്‍ശനങ്ങള്‍ക്ക് ഒരുദാഹരണമാണിത്. ഇവിടെ اية കൊണ്ടുദ്ദേശ്യം ഖുര്‍ആന്‍ സൂക്തമാകാം. ശരീഅത്തിന്റെ ഏതെങ്കിലും വിധിയുമാകാം. ആദ്യകാല മുസ്‌ലിംകള്‍ക്ക് അവരുടെ അന്നത്തെ മാനസികവും വൈജ്ഞാനികവുമായ നിലവാരത്തിനൊത്തെ ചില വിധിവിലക്കുകള്‍ നല്‍കിയിരുന്നു. ചിലപ്പോള്‍ ഖുര്‍ആനിലൂടെ നേരിട്ടും ചിലപ്പോള്‍ പ്രവാചക വചനങ്ങളിലൂടെയുമാണത് നല്‍കിയിരുന്നത്. സാഹചര്യങ്ങള്‍ മാറുകയും വിശ്വാസികളുടെ വൈജ്ഞാനിക നിലവാരം ഉയരുകയും ചെയ്യുന്ന മുറക്ക് അത്തരം വിധികളില്‍ മാറ്റം വരുത്തുകയും ചെയ്തിരുന്നു. ആ മാറ്റത്തിനനുസൃതമായി ഖുര്‍ആന്‍ സൂക്തങ്ങളിലും മാറ്റം വരുത്തിയിരുന്നു. ഇതിന് نَسخ എന്നു പറയുന്നു. ഇതെപ്പറ്റി *അല്‍ബഖറ* 106–ാം സൂക്തത്തില്‍ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

۞مَا نَنسَخْ مِنْ ءَايَةٍ أَوْ نُنسِهَا نَأْتِ بِخَيْرٍ مِّنْهَآ أَوْ مِثْلِهَآ أَلَمْ تَعْلَمْ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٠٦﴾

(നാം ഒരു സൂക്തം മായ്ച്ചുകളയുന്നുവെങ്കില്‍ അഥവാ വിസ്മരിപ്പിക്കുന്നുവെങ്കില്‍ അതിലും മികച്ചതോ തത്തുല്യമായതോ തല്‍സ്ഥാനത്ത് അവതരിപ്പിക്കുന്നതാകുന്നു. അല്ലാഹു സകല കാര്യത്തിനും കഴിവുള്ളവനെന്നറിഞ്ഞിട്ടില്ലേയോ?) നസ്ഖിനെക്കുറിച്ചും അതിനെതിരെ അവിശ്വാസികളുന്നയിച്ചിരുന്ന വിമര്‍ശനങ്ങളെക്കുറിച്ചും *ഖുര്‍ആന്‍ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ ചര്‍ച്ച ചെയ്തിരിക്കുന്നു.

വിധികളിലും ഖുര്‍ആന്‍ വചനങ്ങളിലുമുണ്ടാകുന്ന മാറ്റത്തെ വിഗ്രഹാരാധകര്‍ ഇങ്ങനെ വിമര്‍ശിച്ചിരുന്നതാണ് ഈ സൂക്തം അവതരിക്കാന്‍ കാരണമെന്ന് നിവേദനങ്ങളുണ്ട്: "മുഹമ്മദ് അയാളുടെ സഖാക്കളെ കളിപ്പിക്കുകയാണ്. ഇന്ന് അവരോട് ഒന്നു കല്‍പിക്കുന്നു. നാളെ അതു നിരോധിക്കുന്നു. അല്ലെങ്കില്‍ അതിലും അനായാസമായതു കല്‍പിക്കുന്നു. ഇതൊക്കെ ഇയാള്‍ സ്വേഛയാ കെട്ടിച്ചമക്കുന്ന വ്യാജമല്ലാതെ മറ്റൊന്നുമല്ല." ഈ വിമര്‍ശനത്തെ ഖണ്ഡിച്ചുകൊണ്ടാണീ വചനമവതരിച്ചത്.

ഖബ്‌റാരാധന മുറ്റി നിന്നകാലത്ത് പ്രവാചകന്‍ വിശ്വാസികള്‍ക്ക് ഖബ്ര്‍ സന്ദര്‍ശനം തന്നെ നിരോധിച്ചിരുന്നു. ഖബ്‌റുമായി ബന്ധപ്പെട്ട ദിവ്യസങ്കല്‍പവും പ്രേതവിശ്വാസവുമൊക്കെ ശമിച്ചപ്പോള്‍ തിരുമേനി അതനുവദിക്കുകയും ചെയ്തു. ശനിയാഴ്ചക്ക് യഹൂദര്‍ കല്‍പിച്ചിരുന്ന പവിത്രത പ്രവാചകന്‍ അവസാനിപ്പിച്ചു. മദ്യപാനവും പലിശഭോജനവും ഘട്ടം ഘട്ടമായിട്ടാണ് നിരോധിച്ചത്. ചില കാര്യങ്ങളില്‍ ആദ്യം താല്‍കാലികമായ ഒരു നിയമം നടപ്പിലാക്കുകയും പിന്നീട് അതില്‍ നിന്നു വ്യത്യസ്തമായ സ്ഥിരം നിയമം അവതരിപ്പിക്കുകയും ചെയ്തു. ഇത്തരം നടപടികളെയാണ് അവിശ്വാസികള്‍ വിമര്‍ശിച്ചിരുന്നത്. അവര്‍ പറഞ്ഞു: ഇയാള്‍ ദൈവത്തിന്റെ ദൂതനാണെന്നാണല്ലോ പറയുന്നത്. ദൈവം ഇന്നലെ പറഞ്ഞത് ഇന്നു മാറ്റിപ്പറയുമോ? ഇന്നലെ നല്‍കിയ കല്‍പന തെറ്റായിരുന്നുവെന്നു തോന്നിയിട്ടാണോ ഇന്നവന്‍ മറ്റൊരു കല്‍പന നല്‍കുന്നത്? ഈ മനുഷ്യന്‍ ഒരു വ്യാജന്‍ മാത്രമാണെന്നതിന് ഇതുതന്നെ മതിയായ തെളിവാണ്. അപ്പപ്പോള്‍ തനിക്കു തോന്നിയതൊക്കെ ദൈവത്തിന്റെ പേരില്‍ ജല്‍പിക്കുകയാണയാള്‍. യഹൂദര്‍ ഇങ്ങനെയും പറഞ്ഞു: ഞങ്ങളുടെ തൗറാത്ത് ദൈവിക ഗ്രന്ഥമാണെന്ന് അയാള്‍ സമ്മതിക്കുന്നു. എന്നിട്ട് അതിലെ നിയമങ്ങളൊക്കെ മാറ്റിമറിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ദൂതന്ന് എങ്ങനെയാണ് ദൈവികനിയമങ്ങള്‍ മാറ്റി മറിക്കാനാവുക?! പ്രവാചകനെ എതിര്‍ക്കുന്നതിന് ഖുറൈശികള്‍ക്ക് പിന്തുണ പ്രഖ്യാപിക്കുകയായിരുന്നു അവര്‍ ഇതുവഴി.

ഉപരിസൂചിത വിമര്‍ശനത്തിനുള്ള മറുപടിയാണ് وَٱللَّهُ أَعْلَمُ بِمَا يُنَزِّلُ എന്നവാക്യം. അതായത് അല്ലാഹു അവതരിപ്പിച്ച കാര്യങ്ങളുടെ യുക്തിയും നന്മയും അല്ലാഹുവിന്ന് നല്ലവണ്ണമറിയാം. അവന്‍ മാത്രമേ അത് ശരിക്കറിയുന്നുള്ളൂ. ആളുകളധികപേരും ആ യുക്തികളും നന്മകളും ഒട്ടും മനസ്സിലാക്കുന്നില്ല. بَلْ أَكْثَرُهُمْ لَا يَعْلَمُونَ ഈ മറുപടി വളരെ സംക്ഷിപ്തമാണ്. തുടര്‍ന്ന് അതിന്റെ വിശദീകരണം വരുന്നുണ്ട്. രണ്ടു തത്വങ്ങളിലധിഷ്ഠിതമാണീ മറുപടി. ഒന്ന്, അല്ലാഹു അവന്റെ ശരീഅത്ത് അവതരിപ്പിക്കുന്നതില്‍ ഒരു ക്രമവും വ്യവസ്ഥയും ദീക്ഷിക്കുന്നുണ്ട്. ആ ക്രമം ചില സന്ദര്‍ഭങ്ങളില്‍ വിധിവിലക്കുകളില്‍ മാറ്റം ആവശ്യപ്പെടുന്നു. സത്യവിശ്വാസികളുടെ നന്മക്കുവേണ്ടിയാണാ മാറ്റം.

രണ്ട്, ഈ ദീനിന്റെ അസ്തിവാരം ഇബ്‌റാഹീമീ മില്ലത്താണ്. യഹൂദ– ബഹുദൈവ മതങ്ങളില്‍നിന്ന് തികച്ചും വ്യത്യസ്തമാണ് ഇബ്‌റാഹീമീ മില്ലത്ത്. മൗലികമായി ഈ ദീനിന്റെ വിധിവിലക്കുകള്‍ തന്നെയാണ് യഹൂദ മതത്തിലും ഉണ്ടായിരുന്നത്. പക്ഷേ, പിന്നീട് യഹൂദര്‍ അതില്‍ പല ആചാരങ്ങള്‍ കൂട്ടിച്ചേര്‍ത്തു. അവര്‍ക്കൊരു ശിക്ഷയായി അല്ലാഹു അതു നിലനിര്‍ത്തുകയും ചെയ്തു. എന്നാല്‍ ദീനിന്റെ ആധാരം കലര്‍പ്പില്ലാത്ത ഇബ്‌റാഹീമി മില്ലത്താണ്. അതില്‍ കൂട്ടിച്ചേര്‍ക്കപ്പെട്ട ആചാരങ്ങളെല്ലാം ഈ ദീന്‍ റദ്ദാക്കിയിരിക്കുന്നു.

**102.** رُوحُ ٱلْقُدُسِ കൊണ്ടു വിവക്ഷ, അന്ത്യപ്രവാചകന് ദിവ്യസന്ദേശം എത്തിച്ചുകൊണ്ടിരുന്ന ജിബ്‌രീല്‍ എന്ന മലക്കാണ്. സത്യസമേതം بِٱلْحَقِّ കൊണ്ടുദ്ദേശ്യം യഹൂദ ക്രൈസ്തവ വിഭാഗങ്ങളും വിഗ്രഹാരാധകരും കൂട്ടിച്ചേര്‍ത്ത എല്ലാ കലര്‍പ്പുകളില്‍നിന്നും പരിശുദ്ധമായ ദീന്‍ എന്നാണ്. പ്രവാചകനെ വ്യാജം ചമക്കുന്നവനെന്ന് മുദ്രയടിക്കുന്നവരോട് പറയാന്‍ നിര്‍ദേശിക്കുകയാണ്: ഞാന്‍ നിങ്ങളുടെ മുന്നിലവതരിപ്പിക്കുന്നത് സ്വയം കെട്ടിച്ചമച്ചുണ്ടാക്കി അല്ലാഹുവിന്റെ പേരില്‍ ആരോപിക്കുന്നതല്ല, മറിച്ച് ദൈവത്തിന്റെ ഏറ്റം സമീപസ്ഥനും അതിവിശ്വസ്തനുമായ മലക് ജിബ്‌രീല്‍ എന്റെ നാഥങ്കല്‍നിന്ന് എനിക്ക് ഇറക്കിത്തരുന്ന സത്യദീനാണ്. പൈശാചിക ശക്തികളുടെ കൂട്ടിച്ചേര്‍ക്കലുകളില്‍നിന്നും വെട്ടിച്ചുരുക്കലുകളില്‍നിന്നു

മെല്ലാം അത് പൂർണമായും സുരക്ഷിതമാകുന്നു.

لِيُثَبِّتَ ٱلَّذِينَ ءَامَنُوا۟ എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: അല്ലാഹു ഈ ദീനിന്റെ തത്വങ്ങളും നിയമങ്ങളും ഇങ്ങനെ ഘട്ടം ഘട്ടമായി അവതരിപ്പിക്കുന്നത് അതിൽ വിശ്വസിക്കുന്നവരെ ആ സത്യത്തിൽ ഉറപ്പിച്ചു നിർത്താനും അവർ മാർഗഭ്രംശങ്ങളിൽനിന്നും പിഴവുകളിൽനിന്നും പൂർണ സുരക്ഷിതരാവാനും വേണ്ടിയാണ്. അപ്പോൾ ചില മാറ്റങ്ങൾ നിർദേശിക്കുന്നതും അതിനുവേണ്ടിത്തന്നെയാണ്. എല്ലാ നിയമങ്ങളും അന്തിമവും പൂർണവുമായ രൂപത്തിൽ ഒറ്റയടിക്കു നൽകിയാൽ ആളുകൾക്ക് വഹിക്കാൻ പ്രയാസകരമായിരിക്കും. നൂറ്റാണ്ടുകളായി നിലനിൽക്കുന്നതിൽനിന്നു വ്യത്യസ്തമായ ഒരു ജീവിതക്രമവും സംസ്കാരവും കെട്ടിപ്പടുക്കുകയാണിവിടെ. ആളുകൾ പഴയതിൽനിന്ന് കാലൂരുകയും പുതിയതിൽ കാലുറപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഘട്ടം ഘട്ടമായും ക്രമാനുഗതമായും മാത്രമേ അതു സാധ്യമാകൂ. പ്രതിയോഗികൾ എന്തൊക്കെ ആശയക്കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമിച്ചാലും ദൈവിക വചനങ്ങൾ നിസ്സങ്കോചം സ്വീകരിക്കാനും സത്യപ്പെടുത്താനും അല്ലാഹുവിന്റെ മുമ്പിൽ ജീവിതം സമർപ്പിക്കാനും സന്നദ്ധതയുള്ളവർക്ക് ഈ വേദത്തിന്റെയും ദീനിന്റെയും തുടക്കം സന്മാർഗദർശനവും പര്യവസാനം ജീവിത വിജയത്തിന്റെ സുവിശേഷവുമാകുന്നു എന്നാണ് وَهُدًى وَبُشْرَىٰ لِلْمُسْلِمِينَ എന്ന വാക്യത്തിന്റെ താൽപര്യം. ■